



ഫ്ളാറ്റിന്റെ എഴാം നിലയിൽ നിന്നും വീണ് 7 വയസുകാരന് ദാരുണാന്ത്യം

കോഴിക്കോട്:പന്തീരങ്കാവിൽ ഫ്ളാറ്റിന്റെ ഏഴാം നിലയിൽ നിന്നും വീണ് രണ്ടാംക്ലാസ് വിദ്യാർത്ഥി മരിച്ചു. നല്ലളം കീഴ്‌വനപാടം എംപി ഹൗസിൽ മുഹമ്മദ് ഹാജിഷ്–ആയിശ ദമ്പതികളുടെ മകൻ ഇവാൻ ഹൈബൽ (7) ആണ് മരിച്ചത്. ഇരിങ്ങല്ലൂർ ലാൻഡ് മാർക്ക് 'അബാക്കസ്' ബിൽഡിങ്ങിൽ ചൊവ്വാഴ്ച രാത്രി എട്ടോടെയാണ് അപകടം.കളിക്കുന്നതിനിടെ ബാൽക്കണിയിൽ കയറിയ കുട്ടി ഏഴാം നിലയിൽനിന്നു താഴേക്ക് പതിക്കുകയായിരുന്നു. ശബ്ദം കേട്ട് ഓടി എത്തിയ സെക്യൂരിറ്റി ജീവനക്കാരും മറ്റുള്ളവരും ചേർന്ന് കുട്ടിയെ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കുട്ടിയുടെ മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റിയിരിക്കുകയാണ്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 09 2025 മാർച്ച് 12 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

മുഖ്യമന്ത്രി–നിർമ്മല കൂടിക്കാഴ്ച

നീണ്ട ആവശ്യങ്ങളുമായി കേരളം

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമനും തമ്മിലുള്ള കൂടിക്കാഴ്ച അവസാനിച്ചു. ഡൽഹി കേരള ഹൗസിൽ രാവിലെ ഒമ്പത് മണിക്കാണ് ഇരുവരും കൂടിക്കാഴ്ച നടത്തിയത്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, പ്രത്യേക പ്രതിനിധി കെ വി തോമസ് എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ഇന്ന് രാവിലെ കേരള ഹൗസിൽ എത്തിയ കേന്ദ്രമന്ത്രിയെ മുഖ്യമന്ത്രി പിണറായി വിജയനും കെ.വി തോമസും ചേർന്നാണ് സ്വീകരിച്ചത്.

അനൗദ്യോഗിക സന്ദർശനമായിരുന്നു കേന്ദ്ര മന്ത്രിയുടേത്. കൂടിക്കാഴ്ച്ചയ്ക്ക് ശേഷം പ്രഭാത ഭക്ഷണവും കഴിച്ചാണ് കേന്ദ്ര മന്ത്രി മടങ്ങിയത്. ചർച്ച 50 മിനിട്ടോളം നീണ്ടുനിന്നു. സാമ്പത്തിക പ്രതിസന്ധി, വയനാട്, വായ്പ, വിഴിഞ്ഞം തുടങ്ങിയ നിരവധി കാര്യങ്ങൾ ചർച്ച ചെയ്തുവെന്നാണ് വിവരം.

ധനമന്ത്രിയുമായി സംസ്ഥാനം നേരത്തേ ചർച്ചചെയ്ത വിഷയങ്ങൾ വീണ്ടും മുഖ്യമന്ത്രി ഉന്നയിച്ചതായാണ് സൂചന. മുണ്ടക്കൈ–ചൂരൽമല ദുരന്തസഹായം പൂർണതോതിൽ ലഭ്യമാക്കുക, വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് 525 കോടിയുടെ കടസഹായം ചെലവഴിക്കുന്നതിന് സാവകാശമനുവദിക്കുക, വിഴിഞ്ഞം തുറമുഖത്തിന് കൂടുതൽ വികസന സഹായം നൽകുക, കടമെടുപ്പ് പരിധി മൂന്നര ശതമാനമായി ഉയർത്തുക, ജിഎസ്ടിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക, അതിവേഗ റെയിൽ സംബന്ധിച്ച് ഇ. ശ്രീധരൻ നൽകിയ പദ്ധതികൾ പരിശോധിച്ച് നടപടിയെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ മുഖ്യമന്ത്രി, ധനമന്ത്രിയെ അറിയിച്ചതായാണ് വിവരം. ആനുകൂല്യങ്ങൾ ആവശ്യപ്പെട്ട് ആശാവർക്കർമാർ നടത്തിവരുന്ന സമരം കൂടിക്കാഴ്ചയിൽ ചർച്ചയായോ എന്ന കാര്യം വ്യക്തമല്ല.

പിണറായി സർക്കാരിന്റെ 10 വർഷക്കാലയളവിനിടെ ഇതാദ്യമായാണ് മുഖ്യമന്ത്രിയും ധനമന്ത്രിയും തമ്മിൽ ഇത്തരത്തിൽ ഒരു കൂടിക്കാഴ്ച നടക്കുന്നത്.

ഷെയ്ഖ് ഹസീനയുടെ കുടുംബ സ്വത്തുക്കൾ കണ്ടുകെട്ടും

ധാക്ക: ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ധൻമോണ്ടിയിലെ വീടായ സുധസ്ഥാനും ബന്ധുക്കളുടെ സ്വത്തുക്കളും കണ്ടുകെട്ടാൻ ഉത്തരവിട്ട് ധാക്ക കോടതി. ഷെയ്ഖ് ഹസീനയുടെ ബന്ധുക്കളുടെ 124 ബാങ്ക് അക്കൗണ്ടുകളും പിടിച്ചെടുക്കാൻ കോടതി ആവശ്യപ്പെട്ടു. ധാക്ക മെട്രോപോളിറ്റൻ സീനിയർ സ്പെഷ്യൽ ജഡ്ജ് ആയ സാക്കിർ ഹൊസൈൻ ഖാലിബ് ഇന്നലെയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ആന്റി കറപ്ഷൻ കമ്മീഷന്റെ അപേക്ഷയെ തുടർന്നാണ് നടപടി.

ഷെയ്ഖ് ഹസീനയുടെ മകൻ സാജിബ് വാസെദ് ജോയ്, മകൾ വാസെദ് പുടുൽ, സഹോദരി ഷെയ്ഖ് രെഹന, അവരുടെ മക്കളായ ടുലിപ് സിദ്ദിഖ്, രദ്‌വാൻ മുജിബ് സിദ്ദിഖ് എന്നിവരുടെ സ്വത്തുക്കളാണ് പിടിച്ചെടുത്തത്. രാജ്യത്താകെ കത്തിപ്പടർന്ന ജനരോഷത്തെ തുടർന്ന് പദവിയൊഴിഞ്ഞ് ബംഗ്ലാദേശിൽ നിന്ന് പലായനം ചെയ്യേണ്ടിവന്ന ഷെയ്ഖ് ഹസീന ഇപ്പോൾ ഇന്ത്യയിലാണുള്ളത്.

ഷെയ്ഖ് ഹസീന സാമൂഹിക മാദ്ധ്യമങ്ങളിലൂടെ തുടർച്ചയായി നടത്തുന്ന 'തെറ്റായതും കെട്ടിച്ചമച്ചതുമായ' അഭിപ്രായങ്ങളിലും പ്രസ്താവനകളിലും ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു.

ഗർഭപാത്രം നീക്കുന്ന ശസ്ത്രക്രിയക്കിടെ രോഗി മരിച്ചു

കോഴിക്കോട്: മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാപ്പിഴവുമൂലം രോഗി മരിച്ചെന്ന് പരാതി. പേരാമ്പ്ര സ്വദേശിനി വിലാസിനിയാണ് (57) ഇന്ന് പുലർച്ചെ മരിച്ചത്. ഗർഭപാത്രം നീക്കുന്നതിനുള്ള ശസ്ത്രക്രിയയ്ക്കിടയിലാണ് വിലാസിന് മരിച്ചത്. ശസ്ത്രക്രിയയ്ക്കിടെ കുടലിന് മുറിവ്പറ്റിയെന്നും ഇതാണ് മരണത്തിലേക്കെത്തിച്ചതെന്നുമാണ് ബന്ധുക്കൾ ആരോപിക്കുന്നത്. ഗർഭപാത്രം നീക്കുന്നതിന് ഈ മാസം നാലിനാണ് വിലാസിനിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ശസ്ത്രക്രിയയ്ക്കിടെ കുടലിന് ചെറിയ മുറിവേറ്റെന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു. തുന്നലുണ്ടെന്നും എന്നാൽ പേടിക്കേണ്ട കാര്യമില്ലെന്നുമാണ് അറിയിച്ചത്. എട്ടാം തീയതി വാർഡിലേക്ക് മാറ്റി. ഞായറാഴ്ച മുതൽ സാധാരണ ഭക്ഷണം നൽകാമെന്നാണ് ഡോക്ടർമാർ അറിയിച്ചത്. സാധാരണ ഭക്ഷണം കഴിക്കാൻ തുടങ്ങിയതോടെ വയറുവേദന കൂടി. തുടർന്ന് ഐസിയുവിലേക്കു മാറ്റുകയായിരുന്നു. തിങ്കളാഴ്ച അണുബാധയുണ്ടായെന്നും ഉടൻ ശസ്ത്രക്രിയ വേണമെന്നും പറഞ്ഞു. ശസ്ത്രക്രിയ നടത്തിയെങ്കിലും ചൊവ്വാഴ്ചയോടെ ആരോഗ്യം വഷളായി. ഇന്നു പുലർച്ചെ മരണം സംഭവിക്കുകയായിരുന്നു.

മെഡിക്കൽ കോളേജിൽ നിന്ന് മറ്റൊരു ആശുപത്രിയിലേക്ക് മാറ്റാൻ ശ്രമിച്ചെങ്കിലും ആരോഗ്യനില വഷളായതിനാൽ സാധിച്ചില്ലെന്നും ബന്ധുക്കൾ അറിയിച്ചു. അതേസമയം, ഹൃദയാഘാതം കാരണമാണ് മരണം സംഭവിച്ചതെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്.

തീപിടുത്തം

തൃശ്ശൂർ: പടിഞ്ഞാറെ കോട്ടയിൽ പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട ഷെഡിന് തീപിടിച്ചു. കരിയിലകളിൽ നിന്നാണ് തീ പടർന്നത്. ഫയർഫോഴ്സെത്തി തീയണച്ചു.

VEHICLE FOR SALE

SHRIRAM FINANCE LTD.
1st Floor, Gopikhas, Arcade,
Near Govt. Hospital, Mukarikunnu,
PAZHAYANNUR ROAD, CHELAKKARA
THRISSUR-680586

Vehicle No	Vehicle Description	Year of manu-facturing
KL55T-3814	MAHINDRA JEETO-16HP	2016 MODEL

'സംസ്ഥാന സർക്കാരിനെ കുറ്റം പറയില്ല, ആശാവർക്കർമാരെ വീണ്ടും കണ്ട് സുരേഷ് ഗോപി

തിരു: ആശാവർക്കർമാരുടെ സമരപ്പന്തലിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി വീണ്ടുമെത്തി. ഇന്ന് രാവിലെ ഭാര്യ രാധികയ്ക്കൊപ്പം ആറ്റുകാൽ ക്ഷേത്രത്തിലേക്ക് പോകവേയാണ് സുരേഷ് ഗോപി സമരപ്പന്തലിൽ എത്തിയത്.

ആശാ വർക്കർമാരുടെ പ്രശ്നത്തിൽ ഇടപെട്ടത് ബി ജെ പിക്കാരനായതുകൊണ്ടോ, മന്ത്രിയോ എംപിയോ അയതുകൊണ്ടല്ലെന്നും സോഷ്യൽ ആക്ടിവിസ്റ്റ് ആയതിനാലാണെന്നും അദ്ദേഹം വ്യക്തമാക്കി. 'നിങ്ങൾ സിക്കിമിനെയും ആന്ധ്രപ്രദേശിനെയും കണ്ട് പഠിക്കൂ. നല്ലതു സംഭവിച്ചേ പറ്റൂ.

വിഷയത്തിൽ സംസ്ഥാന സർക്കാരിനെ കുറ്റം പറയില്ല. സമയമെടുക്കും. പണം കായ്ക്കുന്ന മരമൊന്നുമില്ല, അവർ പറഞ്ഞയുടൻ എടുത്തുകൊടുക്കാൻ പറ്റില്ല. ഞാൻ ആരെയും കുറ്റപ്പെടുത്തില്ല. രാഷ്ട്രീയ ക്കലർപ്പില്ലാതെയാണ് വിഷയം കേന്ദ്രത്തിൽ അവതരിപ്പിച്ചത്. അതിന്റെ നേരിയ ഫലം കണ്ടുതുടങ്ങി.'- സുരേഷ് ഗോപി പറഞ്ഞു.

ആശാവർക്കർമാർക്ക് സാമ്പത്തികാനുകൂല്യം വർദ്ധിപ്പിക്കാൻ ദേശീയ ആരോഗ്യ മിഷൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജെ.പി. നദ്ദ ഇന്നലെ അറിയിച്ചിരുന്നു. ആശമാർക്കുള്ള വിഹിതത്തിൽ കേരളത്തിന് കുടിശിക തീർത്തു നൽകിയിട്ടുണ്ടെന്നും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. നൽകിയ തുക ചെലവാക്കിയതിന്റെ രേഖ കേരളം സമർപ്പിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു.

സി പി ഐയിലെ പി സന്തോഷ്കുമാറിന് മറുപടി നൽകുകയായിരുന്നു നദ്ദ. കഴിഞ്ഞയാഴ്ച നടന്ന ദേശീയ ആരോഗ്യ മിഷൻ യോഗം ആശാവർക്കർമാർ നടത്തുന്ന സ്തുത്യർഹ സേവനത്തിന് സാമ്പത്തിക സഹായം കൂട്ടണമെന്ന് വിലയിരുത്തിയിരുന്നു. ബന്ധപ്പെട്ട അനുമതി ലഭിച്ചാൽ തുടർ നടപടിയുണ്ടാകും.

മൂന്ന് വിദ്യാർത്ഥികൾക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു; സ്കൂൾ അടച്ചു

കൊച്ചി: കളമശേരിയിലെ സ്കൂളിൽ മൂന്ന് വിദ്യാർത്ഥികൾക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. രണ്ടുപേരുടെ പരിശോധനാ ഫലം പുറത്തുവരാനുണ്ട്. സ്വകാര്യ സ്കൂളിലെ 1, 2 ക്ലാസുകളിലെ അഞ്ചു വിദ്യാർത്ഥികളെയാണ് ശനിയാഴ്ച രോഗലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ആരുടെയും നില ഗുരുതരമല്ലെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എറണാകുളം ഡിഎംഒ വ്യക്തമാക്കി. ആരോഗ്യവകുപ്പിന്റെ നിർദേശ പ്രകാരം സ്കൂളിൽ അടുത്ത ദിവസം നടക്കേണ്ട പ്രൈമറി തല പരീക്ഷകൾ മാറ്റിവച്ചു. സ്കൂൾ താൽക്കാലികമായി അടച്ചിടാൻ കളമശേരി നഗരസഭയും ആവശ്യപ്പെട്ടു.

'സൗന്ദര്യയുടേത് അപകട മരണമല്ല, ആസൂത്രിത കൊലപാതകം'; നടൻ മോഹൻ ബാബുവിനെതിരെ വീണ്ടും പരാതി

ഹൈദരാബാദ്: നടി സൗന്ദര്യയുടെ മരണവുമായി ബന്ധപ്പെട്ട് വീണ്ടും വിവാദങ്ങൾ ഉയരുന്നു. തെലുങ്കിലെ മുതിർന്ന നടൻ മോഹൻ ബാബുവിനെതിരെയാണ് പരാതി ഉയർന്നിരിക്കുന്നത്. നടിയുടേത് വെറും അപകട മരണമല്ലന്നും ആസൂത്രിത കൊലപാതകമാണെന്നുമാണ് ഉയരുന്ന ആരോപണം. ചിട്ടി മല്ലു എന്ന വ്യക്തിയാണ് ഖമ്മം പൊലീസിന് പരാതി നൽകിയിരിക്കുന്നത്. മോഹൻ ബാബുവുമായി ബന്ധപ്പെട്ട സ്വത്തുതർക്കമാണ് സൗന്ദര്യയുടെ മരണത്തിന് പിന്നിലെന്നാണ് പരാതിക്കാരൻ ആരോപിക്കുന്നത്.

നടി മരണപ്പെടുന്നതിന് മുൻപ് ഷംഷാദ് മേഖലയ്ക്ക് സമീപത്തായി ജൽപ്പള്ളിയിൽ 6ഏക്കർ ഭൂമി വാങ്ങിയിരുന്നു. ഭൂമി തനിക്ക് വിൽക്കണമെന്ന് മോഹൻ ബാബു സൗന്ദര്യയോട് ആവശ്യമുന്നയിച്ചിരുന്നു. എന്നാൽ സൗന്ദര്യയുടെ സഹോദരൻ അമർനാഥ് ഷെട്ടി ഇടപാട് എതിർത്തെന്നാണ് വിവരം. ഇത് സൗന്ദര്യയുടെ കുടുംബത്തിനും മോഹൻ ബാബുവിനുമിടയിൽ സംഘർഷമുണ്ടാക്കിയെന്നാണ് പരാതിക്കാരൻ ആരോപിക്കുന്നത്. സൗന്ദര്യയുടെ മരണശേഷം മോഹൻ ബാബു ഭൂമി സ്വന്തമാക്കിയെന്നും പരാതിയിലുണ്ട്. ഈ വിഷയത്തിൽ ഇതുവരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടില്ല.

ഭൂമി കൈയേറ്റത്തിൽ മോഹൻ ബാബുവിന്റെ പങ്ക് അന്വേഷിക്കണമെന്നാണ് പരാതിക്കാരൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ ചിട്ടി മല്ലു ജീവന് ഭീഷണിയുണ്ടെന്നും പൊലീസ് സംരക്ഷണം വേണമെന്നും ആവശ്യപ്പെട്ട് ഖമ്മം അസിസ്റ്റന്റ് പൊലീസ് കമ്മീഷണർക്കും ജില്ലാ പൊലീസ് ഓഫീസർക്കും പരാതി നൽകിയിട്ടുണ്ട്. മോഹൻബാബുവും ഇളയ മകൻ മഞ്ചു മനോജും തമ്മിലുള്ള സ്വത്ത് തർക്കവും പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആരോപണങ്ങളോട് മോഹൻബാബു ഇതുവരെ പ്രതികരിച്ചിട്ടില്ല.

1999ൽ അമിതാഭ് ബച്ചൻ നായകനായെത്തിയ സൂര്യവംശം എന്ന ചിത്രത്തിൽ രാധ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് ശ്രദ്ധേയമായ നടിയാണ് സൗന്ദര്യ. തെലുങ്കിലും തമിഴിലും മലയാളത്തിലും മുൻനിര നായകൻമാരോടൊപ്പവും സൗന്ദര്യ അഭിനയിച്ചിരുന്നു. 2004 ഏപ്രിൽ 17ന് ഒരു രാഷ്ട്രീയ പരിപാടിയിൽ പങ്കെടുക്കാൻ കരീംനഗറിലേക്ക് യാത്ര ചെയ്യുന്നതിനിടെ സ്വകാര്യ ജെറ്റ് തകർന്നാണ് താരവും സഹോദരനും മരിച്ചത്. 31 വയസായിരുന്ന സൗന്ദര്യ മരിക്കുമ്പോൾ ഗർഭിണിയായിരുന്നുവെന്നാണ് റിപ്പോർട്ട്. അപകടസ്ഥലത്ത് നിന്ന് ഇരുവരുടെയും മൃതദേഹങ്ങൾ കണ്ടെത്താൻ സാധിച്ചിരുന്നില്ല.

ലോറികൾ കൂട്ടിയിടിച്ച് ക്ലീനർ മരിച്ചു

മണ്ണുത്തി – വടക്കുഞ്ചേരി ദേശീയപാത കല്ലിടുക്കിൽ ലോറികൾ കൂട്ടിയിടിച്ച് ക്ലീനർ മരിച്ചു. തമിഴ്നാട് സ്വദേശിയായ അറുമുഖ സുന്ദര പെരുമാൾ (40)ആണ് മരിച്ചത്. നിർത്തിയിട്ടിരുന്ന ലോറിയിലേക്ക് മറ്റൊരു ലോറി ഇടിച്ചു കയറുകയായിരുന്നു. ഡ്രൈവർ ഓടിരക്ഷപ്പെട്ടു. അപകടം പുലർച്ചെ രണ്ടു മണിയോടെയാണ്.

6 വയസുകാരി കാറിൽ കുടുങ്ങി

ഗുരുവായൂർ: കാറിൽ കുടുങ്ങി പെൺകുട്ടി. കുട്ടിയെ കാറിൽ ലോക് ചെയ്ത് രക്ഷിതാക്കൾ ക്ഷേത്ര ദർശനത്തിന് പോയതിന് പിന്നാലെയാണ് പെൺകുട്ടി കാറിൽ കുടുങ്ങിയത്. ആറു വയസുകാരിയെയാണ് രക്ഷിതാക്കൾ കാറിൽ ലോക് ചെയ്ത് ക്ഷേത്ര ദർശനത്തിന് പോയത്. കർണാടക സ്വദേശികളായ ദമ്പതികളാണ് കുട്ടിയെ കാറിൽ ലോക് ചെയ്ത് പോയത്. കുട്ടി ഉറങ്ങിയതിനാൽ കാറിൽ ഇരുത്തിയെന്നാണ് ദമ്പതികൾ പറയുന്നത്. ക്ഷേത്ര ദർശനത്തിന് പോയ രക്ഷിതാക്കൾ ഒരു മണിക്കൂറായിട്ടും തിരികെയെത്താതതിനാൽ പെൺകുട്ടി കാറിൽ ഇരുന്നു നിലവിളിച്ചു. ഇത് കണ്ട പ്രദേശവാസികൾ പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് പൊലീസ് ഉച്ചഭാഷിണിയിൽ വിളിച്ചു പറഞ്ഞതിന് പിന്നാലെ ദമ്പതികൾ തിരികെയെത്തി കുട്ടിയെ രക്ഷപ്പെടുത്തി. പൊലീസ് ദമ്പതികളെ താക്കീത് ചെയ്ത് വിട്ടയച്ചു.

പരാതികളിൽ ചർച്ചയുമില്ല മറുപടിയുമില്ല: സംസ്ഥാന നേതൃത്വത്തോട് പി ജയരാജന്റെ ചോദ്യങ്ങൾ

തിരു: സംസ്ഥാന സമ്മേളനത്തിനൊടുവിൽ നേതൃത്വത്തോട് ചോദ്യങ്ങളുയർത്തി പി ജയരാജൻ. സംസ്ഥാന കമ്മിറ്റിക്ക് നൽകിയ രണ്ട് പരാതികളിൽ ചർച്ചയും മറുപടിയുമില്ലാത്തത് എന്തുകൊണ്ടാണെന്നായിരുന്നു ചോദ്യം. കേന്ദ്ര കമ്മിറ്റി അംഗം ഇപി ജയരാജനെതിരെ ഉന്നയിച്ച പരാതികളാണ് പി ജയരാജൻ ചൂണ്ടിക്കാട്ടിയത്. കൊല്ലത്തെ സംസ്ഥാന സമ്മേളനത്തിന്റെ അവസാനദിനം മുഖ്യമന്ത്രിയുടെ മറുപടിക്ക് ശേഷമുയർന്ന ചോദ്യങ്ങൾക്ക് നേതാക്കൾ മറുപടി നൽകിയില്ല.

ഇതിന് ശേഷമാണ് ഇപി ജയരാജൻ ഉൾപ്പെടുന്ന പുതിയ സംസ്ഥാന കമ്മിറ്റി അംഗങ്ങളുടെ പാനൽ എംവി ഗോവിന്ദൻ അവതരിപ്പിച്ചത്. പക്ഷേ, ഈ പാനലിനെ പി ജയരാജൻ എതിർത്തില്ല. പി ജയരാജനെ സെക്രട്ടറിയേറ്റിൽ ഉൾപ്പെടുത്താത്തത് നീതി കേടാണെന്ന് കരുതുന്ന അണികളും പ്രാദേശിക നേതാക്കളുമുണ്ട്. ഇതിനിടെ പാർട്ടി ഉപരിഘടകത്തിലേക്ക് സ്ത്രീകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന ആക്ഷേപം ജെമേഴ്സിക്കുട്ടിയമ്മ സമ്മേളനത്തിൽ ഉന്നയിച്ചു. ഈ വിഷയത്തിലും നേതൃത്വം വേണ്ടത്ര മറുപടി നൽകിയിട്ടില്ലെന്നാണ് വിവരം.

ഇത്തവണ സംസ്ഥാന കമ്മിറ്റിയിൽ രണ്ട് സ്ത്രീകളാണ് ഒഴിവായത്. പികെ ശ്രീമതിയും സൂസൻ കോടിയും. പകരം കെ ശാന്തകുമാരിയും ആർ ബിന്ദുവും വന്നു. സെക്രട്ടറിയേറ്റിൽ നിന്ന് ശ്രീമതി ഒഴിഞ്ഞപ്പോൾ കെകെ ശൈലജയെ ഉൾപ്പെടുത്തി. അംഗങ്ങളുടെ എണ്ണത്തിന് പരിധിയുള്ളത് കൊണ്ടാണ് വീണ ജോർജിനെ സ്ഥിരം ക്ഷണിതാവാക്കിയത്. വീണ ജോർജിനെ പരിഗണിച്ചതിന് പിന്നാലെ പത്തനംതിട്ടയിൽ നിന്നുള്ള എ.പത്മകുമാർ നിരാശ പ്രകടിപ്പിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ടു. തന്നെ ഉൾപ്പെടുത്താത്തതിന് പുറമേ മന്ത്രി വീണാ ജോർജിനെ സംസ്ഥാന കമ്മിറ്റിയിൽ ക്ഷണിതാവാക്കിയതാണ് പരസ്യമായി പ്രതികരിക്കാൻ പ്രേരിപ്പിച്ചത്.

പദ്മകുമാറിനെ അനുനയിപ്പിക്കാൻ ജില്ലാ സെക്രട്ടറി കഴിഞ്ഞ ദിവസം അദ്ദേഹത്തെ വസതിയിൽ സന്ദർശിച്ചിരുന്നു. കണ്ണൂരിലെ എൻ.സുകന്യയുടെ അസംതൃപ്തി ചെഗുവേരയുടെ വാക്കുകൾ ഉദ്ധരിച്ചുള്ള ഫേസ്ബുക്ക് പോസ്റ്റായി പുറത്തുവന്നു. 'ഓരോ അനീതിയിലും കോപത്താൽ വിറക്കുന്നുണ്ടെങ്കിൽ നീ എന്റെ സഖാവാണ്' എന്ന ചെഗുവേരയുടെ വാക്കുകളാണ് തന്റെ ചിത്രത്തിനൊപ്പം എൻ സുകന്യ ഇംഗ്ലീഷിൽ പങ്കുവച്ചത്.

ഏറ്റുമാനൂർ കൂട്ട ആത്മഹത്യ; നോബിയുടെ ജാമ്യാപേക്ഷ തള്ളി

ഏറ്റുമാനൂർ: രണ്ട് പെൺമക്കളെയുമായി യുവതി ജീവനൊടുക്കിയ കേസിൽ ഭർത്താവ് നോബിയുടെ ജാമ്യാപേക്ഷ കോടതി തള്ളി. ഏറ്റുമാനൂർ കോടതിയാണ് നോബിയുടെ ജാമ്യാപേക്ഷ തള്ളിയത്. പ്രതിയെ രണ്ട് ദിവസം കസ്റ്റഡിയിൽ വിട്ടു. നോബിയിൽ നിന്നും കുടുംബത്തിൽ നിന്നും കടുത്ത മാനസിക പീഡനം ഷൈനി നേരിട്ടിരുന്നതായി ബന്ധുക്കൾ ആരോപണം ഉയർത്തിയിരുന്നു. വിവാഹബന്ധം വേർപെടുത്തുന്നതിനായുള്ള നടപടികളും പുരോഗമിക്കുന്നതിനിടെയാണ് ഷൈനി ജീവനൊടുക്കിയത്. കടുത്ത സാമ്പത്തിക ബാധ്യതയെ തുടർന്ന് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ലെന്ന് ഷൈനി അടുത്തബന്ധുക്കളോട് വെളിപ്പെടുത്തിയിരുന്നു.

അതേസമയം, കുടുംബശ്രീയിൽ നിന്ന് ഷൈനി ലോൺ എടുത്തത് ഭർതൃപിതാവിന്റെ ചികിൽസയ്ക്കും വീട് മോടിപിടിപ്പിക്കുന്നതിനുമാണെന്നും ഷൈനി അംഗമായിരുന്ന കുടുംബശ്രീ അംഗങ്ങൾ വെളിപ്പെടുത്തിയിരുന്നു. മുടങ്ങാതെ ഷൈനി ലോൺ അടച്ചിരുന്നുവെന്നും എന്നാൽ വീട്ടിൽ നിന്ന് പോയതോടെയാണ് ലോൺ മുടങ്ങിയതെന്നും അവർ വെളിപ്പെടുത്തി. നോബിയാണ് ലോൺ തടസപ്പെടുത്തിയതെന്നും ഒടുവിൽ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് ലോൺ അടച്ച് തീർക്കുകയായിരുന്നുവെന്നും അവർ വ്യക്തമാക്കി.

ജീവനൊടുക്കുന്നതിന് മണിക്കൂറുകൾ മുൻപ് ഷൈനിയെ നോബി വിളിച്ചിരുന്നതായി ഷൈനിയുടെ അച്ഛൻ കുര്യാക്കോസ് പൊലീസിനോട് വെളിപ്പെടുത്തിയിരുന്നു. 9മാസം മുൻപ് ഭർതൃവീട്ടുകാർ ഷൈനിയെ വീട്ടിൽ നിന്ന് ഇറക്കിവിട്ടെന്നും കല്യാണം കഴിഞ്ഞ നാൾ മുതൽ ഷൈനി ഭർത്താവിന്റെ വീട്ടിൽ പീഡനം നേരിട്ടുവെന്നും പിതാവ് പൊലീസിനോട് വിശദീകരിച്ചിരുന്നു.

ഫെ 28 നാണ് കോട്ടയംനിലമ്പൂർ എക്സ്പ്രസിന് മുന്നിൽ ചാടി ഷൈനിയും മക്കളായ ഇവാനയും അലീനയും ജീവനൊടുക്കിയത്. ട്രെയിൻ വരുമ്പോൾ മൂവരും കെട്ടിപ്പിടിച്ച് ട്രാക്കിൽ ഇരിക്കുകയായിരുന്നുവെന്നും ഹോൺ മുഴക്കിയിട്ടും മാറിയില്ലെന്നും ലോക്കോ പൈലറ്റ് വെളിപ്പെടുത്തിയിരുന്നു.

ആദിവാസി യുവതിയെ ഭർത്താവ് തലയ്ക്കടിച്ച് കൊന്നു

കൊച്ചി: കോതമംഗലം കുട്ടമ്പുഴയിൽ ഭർത്താവ് ഭാര്യയെ തലയ്ക്കടിച്ച് കൊന്നു. എളമ്പശേരി സ്വദേശിയായ മായയാണ് കൊല്ലപ്പെട്ടത്. ഭർത്താവ് ജിജോ ജോണിനെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്ന് പുലർച്ചെ ആശാവർക്കർമാർ വീട്ടിലെത്തിയപ്പോഴാണ് മായയെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്നലെ രാത്രി ഇരുവരും തമ്മിൽ തർക്കമുണ്ടായിരുന്നു. അതിനിടയിലാണ് കൊലപാതകം നടന്നത്.

മായയുടെ തലയ്ക്കും മുഖത്തും ഗുരുതര പരിക്കേറ്റിട്ടുണ്ട്. ഭാര്യയെ സംശയാസ്പദമായ രീതിയിൽ കണ്ടതിനെ തുടർന്നാണ് തർക്കമുണ്ടായതെന്നാണ് ജിജോ പൊലീസിന് മൊഴി നൽകിയിരിക്കുന്നത്. ഇവർക്ക് ഒരു കുട്ടിയുണ്ട്. കൃത്യം നടക്കുമ്പോൾ കുട്ടി വീട്ടിലുണ്ടായിരുന്നില്ല. ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീയാണ് മായ. ജിജോയും മായയും പ്രണയിച്ചാണ് വിവാഹം കഴിച്ചത്.

ഒയാസിസിന്റെ കൈയിൽ 23.92 ഏക്കർ; കമ്പനിക്കെതിരേ കേസെടുക്കാൻ നിർദേശം

തിരു : പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമാണ പ്ലാന്റിന് പ്രാരംഭ അനുമതി നേടിയ ഒയാസിസ് കമ്പനിക്കെതിരെ ചട്ടവിരുദ്ധമായി ഭൂമി കൈവശംവെച്ചതിന് കേസെടുക്കാൻ നിർദേശം. റവന്യൂവകുപ്പ് നടപടി തുടങ്ങി. പാലക്കാട് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന് ഇതുസംബന്ധിച്ച നിർദേശം നൽകി.

23.92 ഏക്കർ ഭൂമിയാണ് കമ്പനിയുടെ കൈവശമുള്ളത്. 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം 15 ഏക്കർവരെയാണ് പരമാവധി കൈവശം വെക്കാവുന്ന ഭൂമി. 8.92 ഏക്കർ ഭൂമിയാണ് കമ്പനി അധികമായി കൈവശംവെച്ചിരിക്കുന്നത്. പ്രതിപക്ഷ എം.എൽ.എമാരായ അൻവർ സാദത്ത്, എം. വിൻസന്റ്, സി. ആർ. മഹേഷ് എന്നിവരുടെ ചോദ്യത്തിന് റവന്യു മന്ത്രി കെ. രാജൻ നൽകിയ നിയമസഭയിൽ നൽകിയ മറുപടിയിലാണ് ഇക്കാര്യമുള്ളത്.

ഒമ്പത് ആധാരങ്ങൾ പ്രകാരം 23.92 ഏക്കർ ഭൂമി കമ്പനിയുടെ പേരിൽ രജിസ്റ്റർ ചെയ്തതായി എ.പി. അനിൽകുമാർ, അൻവർ സാദത്ത്, മാത്യു കുഴൽനാടൻ, ചാണ്ടി ഉമ്മൻ എന്നിവരുടെ ചോദ്യത്തിന് രജിസ്ട്രേഷൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മറുപടി നൽകിയിരുന്നു. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി സംബന്ധിച്ച ചോദ്യത്തിന്, അതുമായി ബന്ധപ്പെട്ട രേഖകൾ റവന്യു വകുപ്പിന്റെ കീഴിലാണെന്ന മറുപടിയാണ് രജിസ്ട്രേഷൻ വകുപ്പ് നൽകിയത്.

റവന്യു വകുപ്പിനോടുള്ള ചോദ്യത്തിൽ 15 ഏക്കർ ഭൂമി വരെ കമ്പനികൾക്ക് കൈവശം വെക്കാമെന്ന മറുപടി നൽകി. ഈ വ്യവസ്ഥയിൽ മാറ്റങ്ങളൊന്നുമില്ലെന്നും വ്യക്തമാക്കിയിരുന്നു.

നിര്യാതനായി

ജെയ്സൺ

അരിമ്പൂർ: തൃശൂരിലെ മുതിർന്ന വക്കീൽ ഗുമസ്തനും വടക്കൻ ജോസ് മകനുമായ ജെയ്സൺ (52) നിര്യാതനായി. സംസ്കാരം ഇന്ന് വൈകീട്ട് 4.30ന് എറവ് സെന്റ് തെരേസാസ് ചർച്ച് കപ്പൽ പള്ളിയിൽ. ഭാര്യ-ഫ്രാൻസീന ജെയ്സൺ. മക്കൾ-എലോൺ, എബ്രോൺ. അമ്മ-ആനി ജോസ്.

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ
OS: 36/2006
IA:1/2024,IA:2/2024

കോപ്പൻ എന്ന വേലായുധൻ മുതൽപേർ
-ഹരജിക്കാർ/അന്യായം
1) അമ്മിണി, W/o. വാകയിൽ കുമാരൻ, പി ഒ അന്തിക്കാട്, തൃശൂർ
2) അനീഷ D/o. വാകയിൽ കുമാരൻ, പി ഒ അന്തിക്കാട്, തൃശൂർ
3) അനിൽകുമാർ S/o. വാകയിൽ കുമാരൻ, പി ഒ അന്തിക്കാട്, തൃശൂർ
-11, 12, 13 എതൃകക്ഷികൾ

മേൽ നമ്പറിലെ 11, 12, 13 എതൃകക്ഷികൾക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **19-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-3-2025
ഹരജി/അന്യായഭാഗം
അഡ്വക്കെറ്റ്
കെ സി സതീന്ദ്രൻ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ചെമ്പൈ സംഗീതോൽസവത്തിൽ തുടർച്ചയായി 25 വർഷം കച്ചേരി: 'പാടുംപാതിരി'യെ ആദരിച്ചു

പാലക്കാട് ചെമ്പൈ സംഗീതോത്സവത്തിൽ തു ർച്ചയായി 25 വർഷവും 'പാടുംപാതിരി' ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ സംഗീതക്കച്ചേരി നടത്തിയപ്പോൾ.

'പാടുംപാതിരി' ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ യെ ചെമ്പൈ ഏകാദശിസംഗീതോൽസവ കമ്മിറ്റി ചെയർമാൻ ചെമ്പൈ സുരേഷ്, ചെമ്പൈ വിദ്യാപീഠം രക്ഷാധികാരി ഗായത്രി തമ്പാൻ എന്നിവർ പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ.

പാലക്കാട്: ചെമ്പൈ സംഗീതോത്സവത്തിൽ തുർച്ചയായി 25 വർഷം സംഗീതക്കച്ചേരി നടത്തിയ 'പാടുംപാതിരി' ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ യെ സംഘാടക സമിതി ഭാരവാഹികൾ ആദരിച്ചു. ചെമ്പൈ ഏകാദശിസംഗീതോൽസവ കമ്മിറ്റി ചെയർമാൻ ചെമ്പൈ സുരേഷ്, ചെമ്പൈ വിദ്യാപീഠം രക്ഷാധികാരി ഗായത്രി തമ്പാൻ, സെക്രട്ടറി കീഴത്തൂർ മുരുകൻ എന്നിവർ ചേർന്നാണു പൊന്നാടയണിയിച്ച് ആദരിച്ചത്.

ഫാ. പോൾ പൂവത്തിങ്കലിന്റെ കച്ചേരിക്ക് വയലാ രാജേന്ദ്രൻ വയലിൻ, ഗുരുവായൂർ സനോജ് മൃദംഗം, വെള്ളാറ്റഞ്ഞൂർ ശ്രീജിത്ത് ഘടം എന്നിവർ മേളമൊരുക്കി.

രണ്ടായിരാമാണ്ടിൽ തന്റെ സംഗീതഗുരു പദ്മവിഭൂഷൺ ഡോ. കെ. ജെ. യേശുദാസാണ് ആദ്യമായി ചെമ്പൈ സംഗീതോത്സവത്തിൽ പാടാൻ ക്ഷണിച്ചതെന്നു ഫാ. പോൾ പൂവത്തിങ്കൽ പറഞ്ഞു. യേശുദാസിന്റെ ശിഷ്യനായി മഹാ സംഗീതഗുരുവിന്റെ ആത്മീയ സന്നിധിയിൽ 25 വർഷം തുടർച്ചയായി പാടാൻ കഴിഞ്ഞത് മഹാഭാഗ്യമാണ്. ആദ്യ കാലത്തു ചെമ്പൈ സ്വാമിയുടെ മകൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഒരു 'യേശു കീർത്തനം' അവിടെ പാടണമെന്നു അവർ നിർബന്ധിക്കുമായിരുന്നു. പ്രത്യേകിച്ചു ക്രൈസ്തവ പുരോഹിതനായ തന്നെ ജാതിയുടെയും മതത്തിന്റെയും അതിർത്തിക്കപ്പുറത്തേക്കു കൈപിടിച്ചുയർത്താൻ എപ്പോഴും മുമ്പിലായിരുന്നു ചെമ്പൈ കുടുംബാംഗങ്ങൾ. എല്ലാ മത വിശ്വാസികളേയും ദേശവാസികളെയും ഒരുമിച്ചു ചേർക്കാൻ ശക്തിയുള്ള കലയാണ് സംഗീതം. സംഗീതം കാലദേശങ്ങൾക്കതീതമാണെന്നും ഓരോ ചെമ്പൈ സംഗീതോത്സവവും തന്നെ പഠിപ്പിച്ചു. ഫാ. ഡോ. പോൾ പൂവത്തിങ്കൽ പറഞ്ഞു.

ജാതിയുടെ പേരിൽ തൊഴിലിൽനിന്നും മാറി നിൽക്കേണ്ടി വരുന്നത് ആധുനികസമൂഹത്തിന് ചേരാത്തത്: മന്ത്രി ആർ ബിന്ദു

ഇരിങ്ങാലക്കുട: കൂടൽമാണിക്യ ക്ഷേത്രത്തിൽ കഴകക്കാരനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമാനുസൃതം നിയമനം ലഭിച്ച യുവാവിന് ഔദ്യോഗിക കൃത്യനിർവ്വഹണം സാധ്യമാകാത്ത അവസ്ഥയുണ്ടായത് മതനിരപേക്ഷ ജനാധിപത്യ രാജ്യത്ത് സംഭവിക്കാൻ പാടില്ലാത്തതാണെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

ജാതിയുടെ അടിസ്ഥാനത്തിൽ തൊഴിലിൽനിന്നും മാറി നിൽക്കേണ്ടി വരികയെന്നത് ആധുനികസമൂഹത്തിന് നിരക്കുന്നതല്ല. കുലം, കുലത്തൊഴിൽ, കുലമഹിമ തുടങ്ങിയ ആശയങ്ങൾ അപ്രസക്തമായ കാലമാണിത്. മാല കെട്ടുന്നതിനുപോലും ജാതിയുടെ അതിർവരമ്പ് നിശ്ചയിക്കുന്നത് കാലത്തിന് നിരക്കുന്ന പ്രവൃത്തിയാണോയെന്ന് ബന്ധപ്പെട്ടവർ പുനർവിചിന്തനം ചെയ്യുമെന്ന് കരുതുന്നു.

സംസ്കാരങ്ങളുടെ സംഗമഭൂമിയായാണ് ഇരിങ്ങാലക്കുടയും കൂടൽമാണിക്യക്ഷേത്രവും ഉയർന്നുവന്നതെന്ന ചരിത്രം ആരും വിസ്മരിച്ചുകൂടാ. ജാതീയവിഭജനങ്ങളെ ദൈവചിന്തയ്ക്ക് നിരക്കാത്തതെന്ന പേരിൽ നിരാകരിച്ച ചട്ടമ്പി സ്വാമികളെപ്പോലെ സമൂഹപരിഷ്കർത്താക്കളുടെ പ്രവർത്തനമണ്ഡലമായിരുന്ന ഭൂമിയാണിത്. ജാതിവിലക്കുകളിൽ കുടുങ്ങി ചരിത്രത്തിൽ നിന്നുതന്നെ അപ്രത്യക്ഷമാകുമായിരുന്ന കൂടിയാട്ടം പോലുള്ള ക്ഷേത്രകലകളെ രാജ്യത്തിന്റെ അഭിമാനമായി ലോകജനത മുമ്പാകെ ഉയർത്തിക്കൊണ്ടുവരാൻ ഭേദചിന്തകളെ മായ്ച്ച് ഒരുമിച്ചു നിന്ന് വിജയം കണ്ട മണ്ണാണിത്. കേരളത്തിന്റെ ആധുനിക നവോത്ഥാന പ്രവർത്തനങ്ങളിലെ ശ്രദ്ധേയമായ അധ്യായമായി ഇരിങ്ങാലക്കുട ഉയർന്നത് വഴി നടക്കാനുള്ള അവകാശത്തിനു വേണ്ടി നടന്ന കുട്ടൻകുളം സമരത്തിലൂടെയാണ് - മന്ത്രി ഡോ. ബിന്ദു ഓർമ്മിപ്പിച്ചു.

ഉയർന്നുവന്ന പ്രശ്നത്തിന് ഗുണാത്മകമായ പരിഹാരം ഉണ്ടാകുന്നതിന് ബന്ധപ്പെട്ട ഏവരുടെയും ജാഗ്രത വേണമെന്നും മന്ത്രി ഡോ. ബിന്ദു അഭ്യർത്ഥിച്ചു.

തൃശ്ശൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിൽ വനിതാദിന ആഘോഷം ബ്രഹ്മാകുമാരി ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

സഹോദയകലാ പുരസ്കാരവുമായി സൂസൻ പോൾ

തൃശൂർ: തൃശൂർ സഹോദയകലാ പുരസ്കാരം ദേവമാത സ്കൂളിലെ സൂസൻ പോൾ കരസ്ഥമാക്കി.

തൃശൂർ ജില്ലയിലെ സി.ബി.എസ്.ഇസ്കൂളുകളിൽനിന്ന് 2024-25 വർഷത്തിലെ മികച്ച കലാധ്യാപകർക്കുള്ള പുരസ്കാരമാണ് നൃത്ത അധ്യാപികയായ സൂസൻ പോൾ നേടിയത്.

സർട്ടിഫിക്കറ്റ്, മെമന്റോ, ക്യാഷ് അവാർഡ് എന്നിവയടങ്ങുന്ന പുരസ്കാരം മാർച്ച് 28ന് തങ്ങാലൂർ ദേവമാത ഇന്റർനാഷണൽ സ്കൂളിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

12 വർഷമായി തൃശൂർദേവമാതസ്കൂളിൽ നൃത്ത അധ്യാപികയായിസേവനം ചെയ്യുന്നു. 2021ൽ ഭരതനാട്യത്തിൽ ലോക റെക്കോർഡ്, ഏഷ്യൻ റെക്കോർഡ്, ഇന്ത്യാ ബുക്ക് ഓഫ്റെക്കോർഡ്, കലാശ്രീ പുരസ്കാരം, 2023ൽ ഡോ. അംബേദ്കർ നാട്യകലാ പുരസ്കാരം എന്നിവ നേടിയിരുന്നു. 2025 ലെ വനിതാ ദിനത്തിൽ കർമ്മശക്തി പുരസകാരംലഭിച്ചു.

ഭരതനാട്യത്തിൽ ഒന്നാം റാങ്കോടെയാണ് ഡിപ്ലോമ നേടിയത്. മോഹിനിയാട്ടത്തിൽ മൂന്നാം റാങ്കോടെ ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്. കുച്ചിപ്പുടിയിൽ ഡിസ്റ്റിംഗ്ഷനോടെ ഡിപ്ലോമ നേടി.

ബാല്യത്തിൽതന്നെ നൃത്തത്തോട് ഇഷ്ടംതോന്നിയ സൂസൻ നൃത്ത അധ്യാപികയായി ജോലി തിരഞ്ഞെടുത്തു.കലാമണ്ഡലം ഹുസ്നബാനു, കലാമണ്ഡലംക്ഷേമാവതി, കലാമണ്ഡലംകവിത കൃഷ്ണകുമാർ, ആർ.എൽ.വി.ആനന്ദൻ, ഡോ. വസന്ത് കിരൺ, കലാമണ്ഡലംലീലാമണിഎന്നിവരുടെ ശിഷ്യയായിട്ടാണ് നൃത്തം അഭ്യസിച്ചത്. വർഷങ്ങളായി മാർഗ്ഗംകളിയിലും മികവ് തെളിയിച്ചിട്ടുണ്ട്. വിശുദ്ധഎവുപ്രാസ്യാമ്മയുടെ സഹനജീവിതം മോഹിനിയാട്ടമാക്കി അവതരിപ്പിച്ചിരുന്നു. അർണോസ് പാതിരിയുടെ പുത്തൻപാനയും മോഹിനിയാട്ടമായിവേദിയിൽ എത്തിച്ചു. തിരൂർ വലിയപറമ്പിൽ വീട്ടീൽ റിട്ട. എസ്.ഐ. ബൈജുവാണ് ഭർത്താവ്. മക്കൾ-അമൽ, അയോന.

സെമിനാർ സംഘടിപ്പിച്ചു

തൃപ്രയാർ: തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി 'വിദ്യാർത്ഥികളിൽ ഭരണഘടനാ അവബോധം' എന്ന വിഷയത്തിൽ അർദ്ധദിന സെമിനാർ സെമിനാർ സംഘടിപ്പിച്ചു. നാട്ടിക എസ് എൻ കോളേജിൽ നടന്ന സെമിനാർ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി പ്രസാദ് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഭരണഘടനയുടെ പ്രാധാന്യവും പ്രസക്തിയും അറിയിച്ചുകൊണ്ട് 'ഇന്ത്യൻ ഭരണഘടന' എന്ന വിഷയത്തിൽ സിവിൽ സർവീസ് പരിശീലകനായ മനോജ്രവീന്ദ്രൻ ക്ലാസ്സ്നയിച്ചു.

ഫിലോസഫി ഫെസ്റ്റ് 2025 കേരളവർമ്മയിൽ ഇന്ന് സമാപനം

തൃശൂർ: ശ്രീ കേരളവർമ്മ കോളേജ് ഫിലോസഫി ഡിപ്പാർട്ട്മെന്റ് നേതൃത്വം നൽകി രണ്ടുദിവസം നീണ്ടു നിൽക്കുന്ന ഫിലോസഫി ഫെസ്റ്റ് 2025 'സിനാപ്സ്' വി.വി.രാഘവൻ ഓഡിറ്റോറിയത്തിൽ വെച്ച് പരസ്യ ചിത്രസംവിധായകൻ എം.എം.എ. റസാഖ് ഉദ്ഘാടനം ചെയ്തു. സിനിമയും യുവതയും എന്ന വിഷയത്തെ കുറിച്ച് ക്ലാസെടുത്തു. ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. ഒ. കെ. ഷീജ മുഖ്യ പ്രഭാഷണം നടത്തി. ഇൻടു ദ ഫ്യൂച്ചർ എന്ന വിഷയത്തെ കുറിച്ച് ജോസഫ് ജോസ് സ്റ്റാറ്റിറ്റിക്സ് ഹെഡ് വിശ്വാസ് വി. നാഥ്, ഫിലോസഫി ഫാക്കൽറ്റി കെ.കെ. അബ്ദുൾ റഹ്മാൻ, കോളേജ് ചെയർ പേഴ്സൻ ഗോപിക നന്ദൻ, അനുരാഗ് എന്നിവർ സംസാരിച്ചു ഉച്ചക്ക് ശേഷം ഡാൻസ് മത്സരം, ഫുട്ബോൾ ഷൂട്ട് ഔട്ട് മത്സരങ്ങൾ നടന്നു. വിജയി കൾക്ക് കാഷ് പ്രൈസ് സമ്മാനമായി നൽകും.

ഇന്ന് രാവിലെ മുതൽ വൈകീട്ട് 5 മണി വരെ വിന്റേജ് കാമ്പസ് തീമിൽ ഫോട്ടോ ഷൂട്ട്, സ്റ്റ്രീറ്റ് വെയർ തീമിൽ റാമ്പ് വാക്ക്, ഫാഷൻ ഷോ തുടങ്ങി വിവിധ ഇന മത്സരങ്ങൾ നടക്കും. വൈകീട്ട് കോളേജ് പ്രിൻസിപ്പാൾ ഡോ. ജയ്നിഷ വിജയികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും സമ്മാനിക്കും.

ഇ-ലേലം

തൃശ്ശൂർ: സിറ്റി സായുധ സേന ഓഫീസിൽ സൂക്ഷിച്ചു വരുന്നതും എൻ.ഡി.പി.എസ് ആക്ട് കേസുകളിൽ ഉൾപ്പെട്ടതുമായ ഏഴ് വാഹനങ്ങളുടെ ലേലം ഓൺലൈനായി മാർച്ച് 18 ന് രാവിലെ 11 മുതൽ വൈകീട്ട് 4.30 വരെ നടത്തും. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് www.mstcecommerce.com വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കാമെന്ന് തൃശ്ശൂർ സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു.

ടി.കെ. അന്തോണികുട്ടിയെ അനുസ്മരിച്ചു

ഊരകം : മുരിയാട് പഞ്ചായത്ത് മുൻ പ്രസിഡന്റും കോൺഗ്രസ് നേതാവുമായിരുന്ന ടി.കെ. അന്തോണികുട്ടിയുടെ ഏഴാം ചരമദിനത്തോടനുബന്ധിച്ച് കോൺഗ്രസ് മേഖല കമ്മിറ്റി സംഘടിപ്പിച്ച സ്മൃതി ദിനാചരണം മണ്ഡലം പ്രസിഡന്റ് സാജു പാറേക്കാടൻ ഉദ്ഘാടനം ചെയ്തു. ബൂത്ത് പ്രസിഡന്റ് എം.കെ. കലേഷ് അധ്യക്ഷത വഹിച്ചു.

ബ്ളോക് വൈസ് പ്രസിഡന്റ് തോമസ് തത്തംപിള്ളി, ജനറൽ സെക്രട്ടറി വിപിൻ വെള്ളയത്ത്, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം വൈസ് പ്രസിഡന്റ് അശ്വതി സുബിൻ, ജനറൽ സെക്രട്ടറി എബിൻ ജോൺ, കോൺഗ്രസ് ഭാരവാഹികളായ കെ.എൽ. ബേബി, ജോസ് ആലപ്പാടൻ, കെ.എൽ. ലോറൻസ്, ടി.കെ. വേലായുധൻ, വിൻസെന്റ് പോൾ ചിറ്റിലപ്പിള്ളി, ലിജോ ഷാജി, സണ്ണി കൂള എന്നിവർ പ്രസംഗിച്ചു.

മാർച്ച് 10
ടി.കെ. അന്തോണിക്കുട്ടി
സ്മൃതിദിനം

മുരിയാട് പഞ്ചായത്ത് മുൻ പ്രസിഡന്റും കോൺഗ്രസ് നേതാവുമായിരുന്ന ടി.കെ. അന്തോണികുട്ടിയുടെ ഏഴാം ചരമദിനത്തോടനുബന്ധിച്ച് കോൺഗ്രസ് ഊരകം മേഖല കമ്മിറ്റി സംഘടിപ്പിച്ച സ്മൃതിദിനാചരണം മണ്ഡലം പ്രസിഡന്റ് സാജു പാറേക്കാടൻ ഉദ്ഘാടനം ചെയ്യുന്നു.

ജില്ലയിലെ പൊതുവിദ്യാലയങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തി

തൃശൂർ: പൊതുവിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വിലയിരുന്നുന്നതിനുള്ള പ്രതിമാസ അവലോകന യോഗം ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന്റെ അധ്യക്ഷതയിൽ ചേർന്നു.

നിലവിൽ കിഫ്ബി പദ്ധതി പ്രകാരം ജില്ലയിൽ 48 വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ പൂർത്തിയായി. നാല് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 15 വിദ്യാലയങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുണ്ട് എന്ന് ഉദ്യോഗസ്ഥർ യോഗത്തെ അറിയിച്ചു. പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ചിലവഴിച്ച് നിർമ്മിക്കുന്ന സ്കൂളുകളുടെ പുരോഗതിയും യോഗം വിലയിരുത്തി.

നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട് എന്ന് വിലയിരുത്തിയ ജില്ലാ കളക്ടർ അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് നിർമ്മാണ പ്രവൃത്തികൾ പരമാവധി പൂർത്തികരിക്കാൻ നിർദ്ദേശം നൽകി. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എ.കെ. അജിതകുമാരി, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ എൻ.കെ രമേഷ്, വിവിധ പഞ്ചായത് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

അനന്യസമേതം ക്യാമ്പയിൻ സംഘടിപ്പിച്ചു

തൃശൂർ: കുട്ടികൾക്കുള്ള അനൗപചാരിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായ ജെൻഡർ ക്യാമ്പ് ആയ അനന്യസമേതം ക്യാംപയിൻ ചേലക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം കെ പത്മജ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലാ പഞ്ചായത്തും തൃശ്ശൂർ ജില്ല ആസൂത്രണ സമിതിയും, പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായിട്ടാണ് അനന്യ സമേതം പരിപാടി സംഘടിപ്പിച്ചത്.

അനന്യസമേതം റിസോഴ്സ് അധ്യാപകരായ സുജിത, ശില്പ എന്നിവർ ക്ലാസ് നയിച്ചു. പങ്ങാരപ്പിള്ളി സെന്റ് ജോസഫ് വിദ്യാലയത്തിലെ തിരഞ്ഞെടുത്ത വിദ്യാർത്ഥികളും, തോണൂക്കര എ. യു പി. സ്കൂളിലെ ഏഴാം തരത്തിലെ മുഴുവൻ വിദ്യാർഥികളും ക്യാമ്പിൽ പങ്കെടുത്തു.

പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും പാരിതോഷികങ്ങളും നൽകി.

തൊണ്ണൂർക്കര എ.യു.പി. സ്കൂൾ ഹാളിൽ വച്ച് നടന്ന ക്യാമ്പിന് സ്കൂൾ മാനേജർ പി.കെ. മുരളീധരൻ അധ്യക്ഷനായി. വിദ്യാഭ്യാസ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീവിദ്യ കെ. കെ, സ്കൂൾ ഹെഡ്മാസ്റ്റർ ശശി പ്രകാശ്, ബി ആർ സി അംഗങ്ങൾ, സ്കൂൾ പി ടി എ ഭാരവാഹികൾ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു. അധ്യാപകൻ ശ്രീകാന്ത് സ്വാഗതവും ഹെഡ്മാസ്റ്റർ ഇൻചാർജ് കെ. പി. ഗീത നന്ദിയും പറഞ്ഞു.

തെയ്യങ്ങളെക്കുറിച്ചുള്ള പുസ്തകം പ്രകാശിപ്പിച്ചു

തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും അമേരിക്കൻ മലയാളിയുമായ സജി മടപ്പാട്ട് എഴുതിയ 'ദി ഗോഡ്സ് ഓഫ് ദി ഗോഡ്സ് ഓൺ കൺട്രി' എന്ന പുസ്തകം പ്രകാശിപ്പിച്ചു. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസ്സോസിയേഷന്റെ (ടെക്കോസ) ആഭിമുഖ്യത്തിൽ, തൃശ്ശൂർ ഹോട്ടൽ എലൈറ്റിൽ നടന്ന പരിപാടിയിൽ അറിയപ്പെടുന്ന എഴുത്തുകാരിയും ഫോട്ടോഗ്രാഫറുമായ പത്മശ്രീ പെപിത സേത്തിൽ നിന്നും പ്രശസ്ത എഴുത്തുകാരി മാനസി പുസ്തകം ഏറ്റുവാങ്ങി.

തെയ്യത്തിനെക്കുറിച്ച് വളരെ ഗഹനമായി പ്രതിപാദിയ്ക്കുന്ന ഈ പുസ്തകം രചിച്ച സജി ഏറെ അഭിനന്ദനം അർഹിയ്ക്കുന്നതായി പെപിത സേത്ത് അഭിപ്രായപ്പെട്ടു. നമ്മുടെ പുരാതന സംസ്കാരത്തെ സംരക്ഷിയ്ക്കുവാൻ സ്വജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ള ജനസമൂഹത്തോടുള്ള ആദരവായി, അനവധി അപൂർവ്വ ചിത്രങ്ങളാൽ സമ്പന്നമായ ഇത്തരമൊരു കൃതി തയ്യാറാക്കിയത് ഭാവിയിലേയ്ക്കുള്ള ഒരു ഈടുവെപ്പായി കാണാമെന്ന് മാനസി ചൂണ്ടിക്കാട്ടി.

മലബാറിലെ തെയ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ സ്ലൈഡ് ഷോ നടത്തിയ സജി ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. ആർ കെ രവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എൻ ഐ വർഗ്ഗീസ് സ്വാഗതവും സി ജി രവീന്ദ്രനാഥൻ നന്ദിയും പറഞ്ഞു.

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

തൃശൂർ: കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. ഉപകരണങ്ങളുടെ വിതരണോദ്ഘാടനം പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭന രവി നിർവഹിച്ചു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതനുസരിച്ച് ഓരോ വ്യക്തിക്കും അനുയോജ്യമായ ഉപകരണങ്ങളാണ് വിതരണം ചെയ്തത്.

ജില്ലാ പഞ്ചായത്ത് വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തി 8,07,199 രൂപ ചെലവഴിച്ചാണ് പദ്ധതി നിർവഹണം ചെയ്തത്. സ്റ്റാറ്റിക് സൈക്കിൾ, വീൽചെയറുകൾ, തൊപ്പി മാറ്റുകൾ, തൊപ്പി ബോളുകൾ, പീഡിയാട്രിക് വീൽചെയർ, സിപി ചെയർ, ഫോൾഡിങ് വാക്കർ ഡീലക്സ്, വുഡൻ സി പി ചെയർ എന്നിങ്ങനെ ഇരുപത്തിയാറ് തരത്തിലുള്ള ഉപകരണങ്ങൾ 28 പേർക്ക് വിതരണം ചെയ്തു.

വൈസ് പ്രസിഡൻറ് മണി ഉല്ലാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ പി.എ ഇസഹാക്ക്, വാർഡ് മെമ്പർ പി.കെ സുകന്യ, സെക്രട്ടറി സി.എം ഗിരീഷ് മോഹൻ, പദ്ധതി നിർവഹണ ഉദ്യോഗസ്ഥ കെ.ആർ വൈദേഹി എന്നിവർ സംസാരിച്ചു.

വിജിലൻസ് കമ്മിറ്റി യോഗം ചേർന്നു

തൃശൂർ: ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി. മുരളിയുടെ അധ്യക്ഷതയിൽ ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ചേർന്നു. ലഭിച്ച അഞ്ച് പരാതികളിൽ അന്വേഷണം നടത്തി നടപടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കണമെന്ന് നിർദ്ദേശം നൽകി. വർഷങ്ങളായി നിലനിൽക്കുന്ന ഒരു പരാതിയിൽ അന്വേഷണം നടത്തി വ്യക്തത വരുത്തി വിവരം പരാതിക്കാരനെ അറിയിക്കാനും തീരുമാനമായി. നടപടികളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ ഉണ്ടെങ്കിൽ അത് അറിയിക്കാനും എ. ഡി. എം നിർദ്ദേശം നൽകി. ജില്ലയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

വാർത്താച്ചുരുക്കം

- വനിതാ ദിനത്തിൽ തൃശൂർ കോർപ്പറേഷനിലെ വനിത കൗൺസിലർമാരെ , തൃശൂർ സാംസ്കാരിക പൗരാവലി ആദരിച്ചു.
- ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചനം കാണിച്ച തന്ത്രിമാരെ പുറത്താക്കണമെന്ന് ശിവ സേന തൃശൂർ ജില്ലാ പ്രസിഡന്റ് മധു കാരിക്കോടൻ ആവശ്യപ്പെ ട്ടു.
- 15 ന് ലോക ഉപഭോക്തൃദിനം ആചരിക്കും. തൃശൂർ കർഷക ഏകോപന സമിതി ജവഹർ ബാലഭവനിൽ കാലത്ത് സെമിനാർ നടത്തും
- ആശ വർക്കർമാരുടെ സഹന സമരത്തിന് വിധവ ഐക്യവേദി തൃശൂർ ജില്ലാ സമ്മേളനം പിന്തുണ പ്രഖ്യാപിച്ചു.
- പ്രസിഡണ്ടായി കുമാരി രാഘവനേയും സെക്രട്ടറി, യായി മിനി മുഹമ്മദലിയേയും തിരഞ്ഞെടുത്തു.
- തൃശൂരിലെ പ്രശസ്ത ചിത്രകാരൻ ഫ്രാൻസിസ് കോടങ്കണ്ടത്തും പത്നി ഷേർളിയും ത്രിരാഷ്ട്ര ചിത്ര യാത്ര വിജയകരമായി നടത്തി.
- പത്മശ്രീ ഐ.എം.വിജയ നെതൃശൂർ ചേമ്പർ ഓഫ് കോമേഴ്സ് 15 ന് ആദരിക്കും. 3 മണിക്ക് ഹോട്ടൽ ദാസ് കോൺഡിനൽ ഹാളിലാണ് ചടങ്ങ്. മഹാരാഷ്ട്ര ഗവർണർ സി പി.രാധാകൃഷ്ണൻ മുഖ്യാഥിതി ആയിരിക്കും

പഠനോത്സവം സമുചിതമായി കൊണ്ടാടി

ഒല്ലൂർ: ഒല്ലൂർ സെന്റ് മേരിസ് സി എൽ പി സ്കൂളിൽ പഠനോത്സവം സമുചിതമായി കൊണ്ടാടി. കോർപ്പറേഷൻ ഡിവിഷണൽ കൗൺസിലറും പബ്ലിക് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ കരോളിൻ ജെറിഷ് പഠനോത്സവം ഉദ്ഘാടനം ചെയ്തു.

പ്രധാന അധ്യാപിക രമ്യ റോസ് സ്വാഗതം ആശംസിച്ചു. പിടിഎ പ്രസിഡണ്ട് സജി ജോൺ അധ്യക്ഷത വഹിച്ചു. യു ആർ സി കോഡിനേറ്റർ ടീച്ചർ ഒ എസ് എ പ്രസിഡന്റ് സണ്ണി തലോക്കാരൻ എം, പി ടി എ പ്രസിഡന്റ് നാൻസി വിനോദ്, സീനിയർ സിറ്റി സൺ അംഗമായ സരസ്വതി എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് കുട്ടികളുടെ വിവിധങ്ങളായ പഠന പ്രവർത്തനങ്ങൾ അരങ്ങേറി. സോണി ടീച്ചർ പദ്ധതി വിശദീകരണം നടത്തി. ക്ലാര ടീച്ചർ നന്ദിയും പറഞ്ഞു.

സി പി ഐ നേതാവും, പടിയൂർ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ കെ.സി. ബിജു അന്തരിച്ചു

ഇരിങ്ങാലക്കുട : സി. പി. ഐ നേതാവും, മുൻ ഇരിങ്ങാലക്കുട പ്രസ് ക്ലബ്ബ് അംഗവും, 2000 മുതൽ 2020 വരെ ജനപ്രതിനിധിയും, മുൻ പടിയൂർ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന കെ. സി. ബിജു (47) ഹൃദയാഘാതം മൂലം അന്തരിച്ചു. കാതിക്കോടത്ത് ചങ്കരന്റെ മകനാണ്.

എ.ഐ.വൈ.എഫ്. മുൻ സംസ്ഥാന കമ്മിറ്റി അംഗം, എ.ഐ.ടി.യു.സി. തൊഴിലുറപ്പ് തൊഴിലാളി യൂണിയൻ മണ്ഡലം സെക്രട്ടറി, എ. ഐ. ഡി. ആർ.എം. മണ്ഡലം സെക്രട്ടറി, ജനയുഗം പത്രത്തിന്റെ മുൻ ലേഖകൻ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ-മായ. മക്കൾ-ബിജിത്ത്, ബിമിത്ത്.

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ സബ്ബ് കോടതി മുമ്പാകെ

OS: 94/2022

IA: 10/2023

IA: 11/2023

ടി പി പോൾ മുതൽപേർ
-ഹരജിക്കാർ/
അന്യായക്കാർ

R17) ജോസഫ് തോമസ് @ ജോജു, 52 വയസ്, S/o. Late തോമസ്, തേറാട്ടിൽ ഹൗസ്, പി ഒ എൽതുരുത്ത്, അരണാട്ടുകര വില്ലേജ്, തൃശൂർ താലൂക്ക്, പിൻ-680611
-17-ാം തൃകക്ഷി

മേൽ നമ്പർ ഹരജി **04-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു.കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാപക്ഷം ടിയാനെ കൂടാതെ ഹരജി തീർപ്പാക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-3-2025
ഹരജിക്കാർ/അന്യായക്കാർ ഭാഗം
അഡ്വക്കേറ്റ്
GEEBEL S N.N. (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ സബ്ബ് കോടതി മുമ്പാകെ

OS: 299/2018

EP: 97/2023

സുഹാസ്
-വിധി ഉടമ

ഹരീഷ് സി എസ്, S/o. സുകുമാരൻ, ചിറപ്പുറത്ത് ഹൗസ്, കൽഹാര അപ്പാർട്ട്മെന്റ്, തൃശൂർ താലൂക്ക്, അയ്യന്തോൾ വില്ലേജ്, തൃശൂർ-680003
-വിധി കടക്കാരൻ

മേൽ നമ്പർ കേസിലെ വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **16-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാപക്ഷം ഹരജി നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-3-2025
വിധി ഉടമഭാഗം
അഡ്വക്കേറ്റ്
പി വി ഷൈൻ (ഒപ്പ്)

അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് എൻ എസ് എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചു.

ലയൺസ് ക്ലബ് ഓഫ് ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിന്റെ സഹകരണത്തോടെയാണ് സ്നേഹിത 2025 എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചത്. ലയൺസ് ക്ലബ് ഏരിയാ ചെയർപേഴ്സണും മുൻ മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമായ ഷീല ജോസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ദർശന കൗൺസിലിങ് സെന്റർ ഡയറക്ടർ സിസ്റ്റർ ഏഞ്ചലിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എൻ എസ് എസ് പ്രോഗ്രാം ഓഫീസർ വീണ സാനി സ്വാഗതവും കുമാരി ലിയ ഷാജു നന്ദിയും പറഞ്ഞു. ലയൺസ് സോൺ ചെയർമാൻ അഡ്വ. ജോൺ നിധിൻ തോമസ്, മഞ്ജു ഡി എന്നിവർ സംസാരിച്ചു. സ്ത്രീ ശാക്തീകരണം 2025 ൽ എന്ന വിഷയത്തെ കുറിച്ച് അസി.പ്രൊഫസർ അഞ്ജു ആന്റണി സംസാരിച്ചു. എൻ എസ് എസ് മുൻ പ്രോഗ്രാം ഓഫീസർമാരായ ഡോ. സിനി വർഗ്ഗീസ്, അമൃത തോമസ്, ബീന. സി. എ, സുമിന എം. എസ്, അഞ്ജു ആന്റണി, ഡോ. ജിജി പൗലോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

വിൽപ്പനക്ക്

അയ്യന്തോൾ കോടതി, കളക്ടറേറ്റ്, പോലീസ് സൂപ്രണ്ട് ഓഫീസ് എന്നിവക്ക് സമീപം വക്കീൽ നഗറിൽ കുടുംബത്തിനും വക്കീൽ ഓഫീസിനും അനുയോജ്യമായ ഉദ്ദേശം 5 സെന്റ് സ്ഥലവും ആധുനിക രീതിയിലുള്ള ഇരുനില കെട്ടിടവും വിൽപ്പനക്ക്

ബന്ധപ്പെടുക: **ഫോൺ: 9895902382**

നിര്യാതനായി
പി. രാമുമേനോൻ

വെള്ളാനി: പാറയിൽ ലക്ഷ്മിക്കുട്ടി അമ്മ മകൻ പി.രാമുമേനോൻ (85) അന്തരിച്ചു. പരേതയായ പുള്ളത്ത് ശാന്തയാണ് ഭാര്യ. മകൻ ജയറാം (ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക്) മരുമകൾ പ്രിയ ജയറാം. സംസ്ക്കാര കർമ്മം വീട്ടുവളപ്പിൽ നടന്നു